**പതിനാലാം കേരള നിയമസഭ**
**പതിനെട്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 742 — 05.02.2020-ൽ മറുപടിക്ക്

## പട്ടികജാതി/പട്ടികവർഗ്ഗ പദ്ധതികളിലെ അഴിമതി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.ഐ.സി.ബാലകൃഷ്ണൻ :** | | എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പമന്ത്രി) |
| എ) | ഭൂരഹിതരായ എസ്.സി/എസ്.റ്റി വിഭാഗങ്ങൾക്ക് ഭൂമി വാങ്ങുന്നതിനും, സ്വന്തമായി ഭൂമിയുള്ള പട്ടികജാതിക്കാർക്ക് വീട് വച്ച് നൽകുന്നതിനും പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് പദ്ധതി ആവിഷ്കരിച്ചിരുന്നോ; | എ) | ഭൂരഹിതരായ എസ്.സി/എസ്.റ്റി വിഭാഗങ്ങൾക്ക് ഭൂമി വാങ്ങുന്നതിനും, സ്വന്തമായി ഭൂമിയുള്ള പട്ടികജാതിക്കാർക്ക് വീട് വച്ച് നൽകുന്നതിനും പട്ടികജാതി വികസന വകുപ്പും പട്ടികവർഗ്ഗ വികസന വകുപ്പും പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. |
| ബി) | പ്രസ്തുത പദ്ധതികളിൽ വ്യാപകമായ അഴിമതി നടന്നതായി വിജിലൻസ് നടത്തിയ പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ടോ; | ബി) | പട്ടികജാതി വികസന വകുപ്പിലെ പ്രസ്തുത പദ്ധതികൾ സംബന്ധിച്ച് വിജിലൻസ് നടത്തിയ അന്വേഷണത്തിൽ കുറ്റക്കാരായി കണ്ടെത്തിയവർക്കെതിരെ വകുപ്പുതല നടപടികൾ സ്വീകരിച്ചുവരികയാണ്.<br><br>പട്ടികവർഗ്ഗ വികസന വകുപ്പിലെ പ്രസ്തുത പദ്ധതികളിൽ അഴിമതി നടന്നതായി ആക്ഷേപം ഉണ്ടായതിനെ തുടർന്ന് വിജിലൻസ് അന്വേഷണം നടത്തിയിരുന്നു. വയനാട് ജില്ലയിൽ നടന്ന ഭൂമി വിതരണവുമായി ബന്ധപ്പെട്ട് വിജിലൻസ് നടത്തിയ വിശദമായ അന്വേഷണത്തിൽ യാതൊരു ക്രമക്കേടുകളും നടന്നിട്ടില്ലെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. |
| സി) | പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പിൽ ആഭ്യന്തര അന്വേഷണ സംവിധാനം നിലവിലുണ്ടോ; ഉണ്ടെങ്കിൽ മേൽപറഞ്ഞ പദ്ധതികളിലെ അഴിമതി ആഭ്യന്തര അന്വേഷണ സംവിധാനത്തിന്റെ പരിശോധനയിൽ കണ്ടെത്തുവാൻ കഴിയാതിരുന്നത് പ്രസ്തുത സംവിധാനം നിഷ്ക്രിയമായത് കൊണ്ടാണോയെന്ന് വ്യക്തമാക്കാമോ; | സി) യും ഡി) യും | പട്ടികജാതി വികസന വകുപ്പിലും പട്ടികവർഗ്ഗ വികസന വകുപ്പിലും ആഭ്യന്തര അന്വേഷണ സംവിധാനം നിലവിലുണ്ട്.<br><br>പട്ടികജാതി വികസന വകുപ്പിലെ ആഭ്യന്തര അന്വേഷണ വിഭാഗങ്ങളായ ഓഡിറ്റ് വിഭാഗവും, വിജിലൻസ് വിഭാഗവും നല്ല രീതിയിൽ പ്രവർത്തിച്ചു വരുന്നതും വകുപ്പിന്റെ പദ്ധതികൾ നടപ്പിലാക്കുന്നതിൽ ക്രമക്കേട് കണ്ടെത്തുന്ന സാഹചര്യത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരായി അച്ചടക്ക നടപടി ഉൾപ്പെടെ ഉചിതമായ നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.<br><br>പട്ടികവർഗ്ഗ വികസന വകുപ്പിൽ വകുപ്പുതല അന്വേഷണത്തിനായി സീനിയർ ഫിനാൻസ് |
| ഡി) | വകുപ്പിലെ ആഭ്യന്തര സംവിധാനം ശക്തിപ്പെടുത്തുന്നതിനും, വകുപ്പിന്റെ പ്രവർത്തനം എല്ലാ മാസവും റിവ്യൂ | | |

| | | | |
|---|---|---|---|
| | ചെയ്യുന്നതിനും വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ അഴിമതി മുക്തമാക്കുന്ന തിനും ആവശ്യമായ നടപടികൾ സ്വീകരിക്കാമോ? | | ഓഫീസറുടെ കീഴിൽ ഒരു ജൂനിയർ സൂപ്രണ്ടും 2 ക്ലാർക്കുമാരും അടങ്ങുന്ന പരിശോധനാ വിഭാഗമാണ് നിലവിലുള്ളത്.<br><br>സാമൂഹികമായും സാമ്പത്തികമായും പാർശ്വ വൽക്കരിക്കപ്പെട്ട പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഉന്നമനത്തിനായി നിരവധി പദ്ധതികളാണ് സർക്കാർ ഓരോ വർഷവും നടപ്പാക്കുന്നത്. വകുപ്പിന്റെ പ്രവർത്തനങ്ങൾക്കായി ഓരോ വർഷവും ഏകദേശം 700 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. പട്ടികവർഗ്ഗ വികസന വകുപ്പിലെ ആഭ്യന്തര അന്വേഷണ സംവിധാനം ഉൾപ്പെടെ കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി വകുപ്പ് ശാക്തീകരണം സംബന്ധിച്ച ശിപാർശ സർക്കാർ പരിശോധിച്ചു വരികയാണ്. |

**സെക്ഷൻ ഓഫീസർ**